ഉത്തരം

(എ) 8 വില്ലേജ് ഓഫീസർമാർ ഇപ്പോൾ സസ്പെൻഷനിലുണ്ട്. തഹസീൽദാർമാർ ആരുംതന്നെ ഇപ്പോൾ സസ്പെൻഷനിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേരത്തെ സസ്പെൻഡ് ചെയ്യപ്പെട്ടിരുന്ന 122 വില്ലേജ് ഓഫീസർമാരെയും 22 തഹസീൽദാർമാരെയും തിരിച്ചെടുത്തിട്ടുണ്ട്.

ആധാരത്തിന്റെ പഴക്കം കണക്കിലെടുക്കാതെ വസ്തു പേരിൽ കൂട്ടുന്നതിന് തഹസീൽദാർമാർക്ക് അധികാരം നൽകുവാൻ നടപടി

74 [1805] *ശ്രീ. എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റീസർവ്വെ പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ഉള്ള പ്രമാണങ്ങൾ പേരിൽ കൂട്ടുന്നതിന് റീസർവ്വെ ആഫീസിനെ സമീപിക്കേണ്ടി വരുന്നതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആധാരത്തിന്റെ പഴക്കം കണക്കിലെടുക്കാതെ വസ്തു പേരിൽ കൂട്ടുന്നതിന് തഹസീൽദാർമാർക്ക് അധികാരം നൽകുവാൻവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

ഗവൺമെന്റ് പുറമ്പോക്ക് ഭൂമിയിൽനിന്ന് അനധികൃതമായ പാറപൊട്ടിക്കൽ

75 [1806] *ശ്രീ. സി. പി. മുഹമ്മദ്:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *പ്രയാർ ഗോപാലകൃഷ്ണൻ:*

„ *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, കൊല്ലം, കോട്ടയം ജില്ലകളിൽ ഗവൺമെന്റ് പുറംപോക്ക് ഭൂമിയിൽനിന്ന് അനധികൃതമായി പാറപൊട്ടിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly